പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 294

# 2026-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ശ്രീ. ജി.സ്റ്റീഫൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 294

# 2026 -ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ശ്രീ. ജി.സ്റ്റീഫൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

91/2026.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ -294

# 2026-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് ഇനി പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും ; ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. രണ്ടാം വകുപ്പിനുള്ള ഭേദഗതി.—1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ രണ്ടാം വകുപ്പിൽ ഇനി പറയുന്ന ഖണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

"(ഡബ്ള്യു) : പനയോല, വിവിധ തരത്തിലുള്ള നാരുകൾ, കുളവാഴ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള വ്യവസായം എന്നാൽ പനയോല, വിവിധതരത്തിലുള്ള സസ്യങ്ങളുടെ നാരുകൾ, കുളവാഴ തുടങ്ങിയവ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചുള്ള വ്യവസായം എന്നർത്ഥമാക്കപ്പെടുന്നതും, ഇത്തരം വസ്തുക്കൾ ശേഖരിക്കുന്നതും സംഭരിക്കലും വിതരണം ചെയ്യുന്നതും അനുബന്ധമായ ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതും എന്ന് അർത്ഥമാക്കപ്പെടുന്നതുമാകുന്നു.

(എക്സ്) : പനയോല, വിവിധതരം നാരുകൾ, കുളവാഴ ഉത്പന്നം എന്നാൽ ഇത്തരം അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കരകൗശല വസ്തുക്കൾ, ബാഗ്, അലങ്കാര വസ്തുക്കൾ അല്ലെങ്കിൽ അത്തരത്തിലുള്ള ഏതെങ്കിലും വസ്തുക്കൾ എന്നർത്ഥമാകുന്നു."

3. <u>നാലാം വകുപ്പിനുള്ള ഭേദഗതികൾ.</u>—(1) 1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ നാലാം വകുപ്പിലെ ഒന്നാം ഉപവകുപ്പിൽ ഏഴ് രൂപ എന്നത് പതിനഞ്ച് രൂപയാക്കി ഭേദഗതി വരുത്തേണ്ടതാണ്.

(2) ഈ ആക്റ്റിലെ നാലാം വകുപ്പിലെ രണ്ടാം ഉപവകുപ്പിൽ ഏഴ് രൂപ എന്നത് പതിനഞ്ച് രൂപയാക്കി ഭേദഗതി വരുത്തേണ്ടതാണ്.

(3) ഈ ആക്റ്റിലെ നാലാം വകുപ്പിലെ മൂന്നാം ഉപവകുപ്പിൽ ഏഴ് രൂപ എന്നത് പതിനഞ്ച് രൂപയാക്കി ഭേദഗതി വരുത്തേണ്ടതാണ്.

(4) ഈ ആക്റ്റിലെ നാലാം വകുപ്പിലെ ഏഴാം ഉപവകുപ്പിൽ ഒരു ശതമാനം എന്നത് രണ്ട് ശതമാനമാക്കി ഭേദഗതി വരുത്തേണ്ടതാണ്.

4. <u>1998-ലെ കേരള, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ടിലെ ഇരുപത്തിയൊൻപതാം വകുപ്പിന് ശേഷം ചുവടെ ചേർക്കുന്ന വകുപ്പ് കൂടി ഉൾപ്പെടുത്തേണ്ടതാണ്.</u>

"30. ഈ ആക്ടിൽ ഏതൊരുഭാഗത്തും നിർവചിച്ചിട്ടുള്ള ഈറ്റ, കാട്ടുവള്ളി, തഴ എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ചെയ്യുന്ന വ്യവസായങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും തൊഴിലുടമകളോടുമൊപ്പം പനയോല, വിവിധ തരത്തിലുള്ള നാരുകൾ, കുളവാഴ എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ചെയ്യുന്ന വ്യവസായങ്ങളും ഉൽപ്പന്നങ്ങളും ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും തൊഴിലുടമകളും ഉൾപ്പെടുന്നതും ഈ ആക്റ്റിന്റെയും ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം രൂപീകരിച്ചിട്ടുള്ള പദ്ധതികളുടെയും ചട്ടങ്ങളുടെയും പൂർണമായ ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതുമാണ്."

5. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന

പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

കേരളത്തിലെ പരമ്പരാഗത ഈറ്റ, മുള, കാട്ടുവള്ളി, തഴ, ചൂരൽ തുടങ്ങിയവ കൊണ്ടുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ളതാണ് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ടും ഇതിനുകീഴിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും പദ്ധതികളും. പരമ്പരാഗതമായി മേൽപ്പറഞ്ഞ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിൽപ്പന നടത്തിയും ഉപജീവനം നടത്തുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമായ തൊഴിലാളികളാണ് ഈ ക്ഷേമനിധിയിൽ അംഗങ്ങൾ ആയിട്ടുള്ളത്. ഒരു ലക്ഷത്തിലേറെ തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നതായാണ് കണക്ക്.

എന്നാൽ ഇതിനു പുറമെ പരമ്പരാഗതമായി പനയോല, വിവിധ തരത്തിലുള്ള സസ്യങ്ങളുടെ നാരുകൾ, കുളവാഴ എന്നീ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുകയും സംഭരിക്കുകയും അവയെ വ്യാവസായികാടിസ്ഥാനത്തിൽ കരകൗശല വസ്തുക്കൾ ബാഗുകൾ, അലങ്കാര വസ്തുക്കൾ എന്നിങ്ങനെ വിവിധതരം ഉൽപ്പന്നങ്ങളാക്കി മാറ്റി ഉപജീവനം നടത്തുന്നതുമായ രണ്ടായിരത്തിലധികം തൊഴിലാളികൾ കേരളത്തിലെ വിവിധ സ്ഥലങ്ങളിലായുണ്ട്. ആയതിനാൽ ആവശ്യമായ നിയമ ഭേദഗതിയിലൂടെ ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കുകൂടെ ഈ ക്ഷേമനിധി ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം നിറവേറ്റുന്നതാണ് 2026-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്ട്.

## ധനകാര്യ മെമ്മോറാണ്ടം

പരമ്പരാഗതമായി കേരളത്തിൽ പനയോല, വിവിധ തരത്തിലുള്ള സസ്യങ്ങളുടെ നാരുകൾ, കുളവാഴ എന്നീ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുകയും സംഭരിക്കുകയും അവയെ വ്യാവസായികാടിസ്ഥാനത്തിൽ കരകൗശല വസ്തുക്കൾ, ബാഗുകൾ, അലങ്കാര വസ്തുക്കൾ തുടങ്ങിയ ഉൽപ്പന്നങ്ങളാക്കി മാറ്റി ഉപജീവനം നടത്തുന്ന തൊഴിലാളികളെ കൂടെ ഈ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത പ്രവർത്തനവുമായി ബന്ധപ്പെട്ട് ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ ഉണ്ടാകുന്നതാണ്. യഥാർത്ഥ ചെലവുകൾ അവ പ്രവർത്തനക്ഷമമായ ശേഷമേ

കണക്കാക്കുവാൻ സാധിക്കുകയുള്ളൂ എങ്കിലും പ്രാരംഭത്തിൽ അതിലേയ്ക്കായി ഇരുപത് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അവ നടപടിക്രമങ്ങളെ സംബന്ധിക്കുന്നതും സാധാരണവും ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതും ആയ കാര്യങ്ങൾക്ക് വേണ്ടിയാണ്. കൂടാതെ ചട്ടങ്ങൾ സംബന്ധിക്കുന്ന വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ജി.സ്റ്റീഫൻ, എം.എൽ.എ.